ബേക്കൽ ടൂറിസം പദ്ധതി

133 (3062) ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി കാസർഗോഡ് ജില്ലയിലെ തേജസ്വിനി പുഴയിൽ വിനോദസഞ്ചാരികൾക്കായി ഹൗസ്ബോട്ടുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ)&(ബി) തേജസ്വിനി പുഴയിൽ വിനോദസഞ്ചാരികൾക്കായി ഹൗസ്ബോട്ടുകൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുവരുന്നു.

എക്കോ - ടൂറിസം പദ്ധതി

134 (3063) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്കോ - ടൂറിസം പദ്ധതിയിൽ ഇപ്പോൾ ഏതൊക്കെ പ്രദേശങ്ങളാണ് കൊല്ലം - പത്തനംതിട്ട ജില്ലകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അരിപ്പ, കുളത്തൂപ്പുഴ, പാലരുവി, ഉമയാർ, ആര്യങ്കാവ്, അച്ചൻകോവിൽ, കോന്നി, പമ്പ, കൊച്ചുപമ്പ എന്നീ പ്രദേശങ്ങളിലാണ് എക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ടൂറിസം വ്യവസായത്തിന്റെ നിലവാരം

135 (3064) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി കെ.കെ. ശൈലജടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ടൂറിസം വ്യവസായത്തിന്റെ നിലവാരം ഉയർത്തുന്നതിന് സർക്കാർ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ വിനോദസഞ്ചാരോപാധികൾ ഏർപ്പെടുത്തിയും കേരളത്തിലെ ടൂറിസം വ്യവസായത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഈ മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കാനായി അവർക്കുവേണ്ട പ്രോത്സാഹനങ്ങളും സൗജന്യങ്ങളും നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ലക്ഷ്യം വച്ച് ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ച് താഴെപ്പറയുന്ന സൗജന്യങ്ങൾ നൽകിവരുന്നു.

1. നിക്ഷേപത്തിന്റെ 10% സബ്സിഡി (10 ലക്ഷം രൂപ വരെ)

LIBRARY ARCHIVES Kerala Legislative Assembly

2. കേരള ഫിനാൻഷ്യൽ കോർപ്പറേഷനുകളിൽനിന്നും വായ്പ ലഭ്യമാക്കൽ

3. ഇലക്ട്രിസിറ്റി ചാർജിൽ ഇളവ്.

ഈയിടെ പ്രഖ്യാപിക്കപ്പെട്ട വ്യവസായനയത്തിൽ പ്രതിപാദിച്ചിട്ടുള്ള ഇളവുകളും ആനുകൂല്യങ്ങളും ടൂറിസം യൂണിറ്റുകൾക്കുകൂടി ബാധകമാക്കുന്നതിനായുള്ള ഒരു പദ്ധതിയും പരിഗണനയിലുണ്ട്.

പുതുസംരംഭകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സബ്സിഡി, വായ്പ മുതലായവ ലഭ്യമാക്കുന്നതിനും ഇൻവെസ്റ്റ്മെന്റ് ഗൈഡൻസ് സെൽ രൂപീകരിച്ചു. സ്വകാര്യസംരംഭങ്ങളും സംയുക്തസംരംഭങ്ങളും പ്രോത്സാഹിപ്പിക്കാൻ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് പ്രവർത്തിച്ചുവരുന്നു.

നിയന്ത്രിത ടൂറിസം വികസനം ലക്ഷ്യമാക്കിയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും അതിനായി ടൂറിസ്റ്റ് ട്രേഡ് നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുവാനും നടപടികൾ പൂർത്തിയായിവരുന്നു.

കന്യാകുമാരി കേരളാഹൗസിന്റെ പ്രവർത്തനം

136 (3065) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്യാകുമാരി കേരളാഹൗസ് വക സാധനങ്ങൾ പുതിയ മാനേജർക്ക് കൈമാറാതെ മുറിയിൽ പൂട്ടിയിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം അതിഥികളായെത്തുന്നവർക്കുണ്ടാകുന്ന അസൗകര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തെല്ലാം സാധനങ്ങൾ എത്രകാലമായി ഇപ്രകാരം പൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ വക സാധനങ്ങൾ കണക്കിൽപ്പെടുത്താതെയും കൈമാറാതെയും നിയമവിരുദ്ധമായി പൂട്ടിവച്ചുപോയ മാനേജർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സാധനങ്ങൾ പുറത്തെടുത്ത് കേരളാഹൗസിലെ പ്രവർത്തനം സുഗമമായി നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 24.2.99 മുതൽ 18.6.99 വരെ കേരളാ ഹൗസിന്റെ ദൈനംദിനാവശ്യങ്ങൾക്ക് ആവശ്യമായ ചില സാധനങ്ങൾ മുൻ മാനേജർ പുതിയ മാനേജർക്ക് കൈമാറാതെ പൂട്ടിയിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. അതിഥികളായെത്തുന്നവർക്ക് വേണ്ട രീതിയിൽ ലിനൻ നൽകുന്നതിന് ചുരുക്കം ചില അവസരങ്ങളിൽ സാധിക്കാതെ വന്നിട്ടുണ്ട്.

(സി) ലിനൻ, ബഡ്ഷീറ്റ്, ബഡ്പ്രഡ്, തലയണഉറ, ബാത്ത് ടൗവ്വൽ, ഫേസ് ടൗവ്വൽ, കമ്പിളി) ക്രോക്കറി, കയ്ലറി, അടുക്കളസാധനങ്ങൾ, ഇലക്ട്രിക് സാധനങ്ങൾ എന്നിവ സാധാരണഗതിയിൽ പൂട്ടിവയ്ക്കുന്ന സാധനങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly